# പതിമൂന്നാം കേരള നിയമ സഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമ സഭാ ചോദ്യം നമ്പർ 242 | 20-06-2013 -ലെ മറുപടിക്ക്

## വരൾച്ചാ നാശനഷ്ടം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. ദാസൻ<br>ശ്രീ.പി.കെ. ഗുരുദാസൻ<br>ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. സി. കൃഷ്ണൻ | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | കഴിഞ്ഞ വരൾച്ചയിൽ എത്ര കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളതെന്ന് പറയാമോ ; | (എ) | ആകെ 7888.0965 കോടി രൂപയുടെ നാശ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. |
| (ബി) | കേന്ദ്ര സർക്കാർ ഇതിൽ എത്ര കോടി രൂപയുടെ നാശനഷ്ടങ്ങൾ അംഗീകരിച്ചിട്ടുണ്ട് എന്ന് പറയാമോ ; | (ബി) | നാല് ജില്ലകളെ വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചതിനെ തുടർന്ന് സമർപ്പിച്ച മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ 62.61 കോടി രൂപ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാനമാകെ വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചതിനു ശേഷം എല്ലാ മേഖലയിലേയും നഷ്ടം വിലയിരുത്തി 23.02.2013 ൽ 7888.0965 കോടി രൂപയുടെ അധിക ധനസഹായത്തിനായി സമർപ്പിച്ച മെമ്മോറാണ്ടവും 3936.81 കോടി രൂപയുള്ള പ്രത്യേക പാക്കേജും കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | യഥാർത്ഥ നാശനഷ്ടങ്ങൾ കേന്ദ്ര സർക്കാർ പൂർണ്ണമായും അംഗീകരിക്കാതിരിക്കാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കാമോ; | (സി) | ആദ്യ മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ കേന്ദ്ര സർക്കാർ സഹായം അനുവദിച്ചിട്ടുള്ളത്. സംസ്ഥാനമാകെ വരൾച്ചമൂലമുണ്ടായ നഷ്ടത്തിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ചിട്ടുള്ള മെമ്മോറാണ്ടവും സ്പെഷ്യൽ പാക്കേജും നിലവിൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | പ്രസ്തുത നാശ നഷ്ടങ്ങൾ കേന്ദ്ര സർക്കാരിനെ ബോദ്ധ്യപ്പെടുത്തുന്നതിൽ എന്തെങ്കിലും പിഴവുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | പിഴവുകൾ സംഭവിച്ചതായി കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ